**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3115** **01-03-2023 - ൽ മറുപടിയ്ക്ക്**

**കടമക്കുടി ഗ്രാമപഞ്ചായത്തിലെ കോതാട്- ചേന്നൂർ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡ(ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി)യുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതും പൊതുമരാമത്ത് വകുപ്പ് 6.11.2021-ന് മൂവായിരത്തി എഴുനൂറ്റമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുമായ കടമക്കുടി ഗ്രാമപഞ്ചായത്തിലെ കോതാട്- ചേന്നൂർ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പൂർത്തീകരിക്കപ്പെടേണ്ട നടപടിക്രമങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കോതാട് - ചേന്നൂർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈനിൽ വന്ന മാറ്റങ്ങളും, DSoR, GST നിരക്കുകൾ പുതുക്കിയതും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സ്ഥലം ഏറ്റെടുപ്പ് നടപടികളും, CRZ, IWAI, Water Metro തുടങ്ങിയ അനുമതികളും GIDA വഴി ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രസ്തുത അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പാലത്തിന്റെ നിർമ്മാണത്തിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും സ്ഥലമേറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നത് GIDA ആണ്. |
| (സി) | ഏറ്റെടുക്കപ്പെടേണ്ട ഭൂമിയിൽ വാട്ടർ മെട്രോയുടേയും പൊതുമരാമത്ത് വകുപ്പിന്റെയും സ്ഥലങ്ങൾ ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | വാട്ടർ മെട്രോയുടെ സ്ഥലവും, പൊതുമരാമത്ത് വകുപ്പിന്റെ റോഡായികിടക്കുന്ന സ്ഥലവും പാലം നിർമ്മാണത്തിന് ആവശ്യമായി വരുന്നുണ്ട്. GIDA അധികൃതർ, വാട്ടർ മെട്രോ A.G.M, പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ഉദ്യോഗസ്ഥർ, കടമക്കുടി പഞ്ചായത്ത് വൈസ് പ്രസിഡന്റ്, സ്ഥലം മെമ്പർമാർ എന്നിവരുമായി 03/02/2023 ൽ GIDA ഓഫീസിൽ ചേർന്ന സംയുക്ത യോഗതീരുമാന പ്രകാരം വാട്ടർ മെട്രോ ഏറ്റെടുത്ത് കൈവശം വച്ചിട്ടുള്ള സ്ഥലം; പാലത്തിന്റെയും, അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ GIDA സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ